"ഭരണഭാഷ-മാതൃഭാഷ-"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം.: E7-9060/13. തീയതി: 11-3-2013

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS)- സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ട് യൂണിറ്റ് (SPSU)-ൽ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സർക്കാരിന്റെ 2.2.2013-ലെ ജി.ഒ(എം.എസ്) നം.11/2013/SJD നം. ഉത്തരവ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന സംയോജിത ശിശുപരിചരണ പദ്ധതി (ICPS)ന്റെ ഭാഗമായി സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ട് യൂണിറ്റിനും (SPSU) പരാമർശ ഉത്തരവു പ്രകാരം രൂപം നൽകുകയുണ്ടായി. ടി യൂണിറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവരുടെ സേവനം വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ പേര് ചേർത്തിട്ടുള്ള ഉദ്യോഗസ്ഥരെ KSR Part I ചട്ടം 140 (a) അനുസരിച്ച് State Project Support Unit (SPSU)-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1) | ശ്രീ.കെ.എൻ.പൊന്നപ്പൻ<br>സീനിയർ സൂപ്രണ്ട്<br>ജില്ലാ പ്രോഗ്രാം ഓഫീസ്, കോട്ടയം | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>State Project Support Unit,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം |
| 2) | ശ്രീ.സാമുവൽ കുട്ടി<br>സീനിയർ സൂപ്രണ്ട്<br>ജില്ലാ പ്രോഗ്രാം ഓഫീസ്,<br>പത്തനംതിട്ട. | അക്കൗണ്ട്സ് ഓഫീസർ,<br>State Project Support Unit,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം |

ശ്രീ.സാമുവൽകുട്ടി സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല പത്തനംതിട്ട വൃദ്ധസദനം സൂപ്രണ്ട് ശ്രീ.പി.പി.ചന്ദ്രബോസിന് നൽകിക്കൊണ്ടും, ശ്രീ.കെ.എൻ.പൊന്നപ്പൻ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ടോമി എം.ജോസഫിന് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച ശ്രീ.സാമുവൽകുട്ടി, ശ്രീ.കെ.എൻ.പൊന്നപ്പൻ എന്നീ ഉദ്യോഗസ്ഥർ എത്രയും പെട്ടെന്ന് സാമൂഹ്യനീതി ഡയറക്ടർ മുമ്പാകെ റിപ്പോർട്ട്

ചെയ്യേണ്ടതാണ്. ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

1. ശ്രീ.സാമുവൽകുട്ടി,
   സീനിയർ സൂപ്രണ്ട്,
   പ്രോഗ്രാം ഓഫീസ്, പത്തനംതിട്ട.
2. ശ്രീ.കെ.എൻ.പൊന്നപ്പൻ
   സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ്,
   കോട്ടയം.

പകർപ്പ്:

1. ശ്രീ.പി.പി.ചന്ദ്രബോസ്,
   സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം, പത്തനംതിട്ട.
2. ശ്രീ.ടോമി എം.ജോസഫ്,
   ജൂനിയർ സൂപ്രണ്ട്, DSJO, കോട്ടയം.
3. ഡയറക്ടറുടെ സി.എ
4. ജോയിന്റ് ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

DB/2013